**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2426** **12-12-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരികളുടെ ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ വ്യാപാരികൾക്കായി ക്ഷേമനിധി നിലവിലുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ക്ഷേമനിധി ബോർഡിന്റെ ഘടനയും നിലവിലുള്ള തസ്തികകളുടെ വിശദാംശവും ലഭ്യമാക്കാമോ; | (ബി) | കേരള റേഷൻ വ്യാപാരി ക്ഷേമനിധി മാനേജിംഗ് കമ്മിറ്റി എന്ന പേരിൽ സിവിൽ സപ്ലൈസ് കമ്മീഷണർ എക്സ് ഒഫീഷ്യോ ചെയർമാൻ ആയി പ്രവർത്തിക്കുന്ന ഒരു മാനേജിംഗ് കമ്മിറ്റിയുടെ കീഴിലാണ് പ്രസ്തുത ക്ഷേമനിധി ബോർഡ് പ്രവർത്തിച്ചു വരുന്നത്. ആയതിൽ ഡെപ്യൂട്ടി കൺട്രോളറുടെ റാങ്കിൽ താഴെയല്ലാത്ത സിവിൽ സപ്ലൈസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ മുഴുവൻ സമയ സെക്രട്ടറിയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നിയമിച്ചിട്ടുണ്ട്. ടി മാനേജിംഗ് കമ്മിറ്റിയിൽ സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് കൺട്രോളർ എക്സ് ഒഫീഷ്യോ മെമ്പർ ആയും, സിവിൽ സപ്ലൈസ് വകുപ്പിലെ ചീഫ് അക്കൗണ്ട്സ് ഓഫീസർ എക്സ് ഒഫീഷ്യോ മെമ്പർ ആയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജോയിന്റ് സെക്രട്ടറിയുടെ റാങ്കിന് താഴെയല്ലാത്ത സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ധനകാര്യ വകുപ്പിലെ ഒരു പ്രതിനിധി, ജോയിന്റ് സെക്രട്ടറിയുടെ റാങ്കിന് താഴെയല്ലാത്ത സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നിയമ വകുപ്പിലെ ഒരു പ്രതിനിധി, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന റേഷൻ വ്യാപാരികളുടെ നാല് പ്രതിനിധികൾ എന്നിവരും പ്രസ്തുത മാനേജിംഗ് കമ്മിറ്റിയിൽ അംഗങ്ങളാണ്.<br><br>റേഷൻ വ്യാപാരി ക്ഷേമനിധിയിൽ ഡെപ്യൂട്ടി കൺട്രോളറുടെ റാങ്കിന് താഴെയല്ലാത്ത സിവിൽ സപ്ലൈസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ സെക്രട്ടറി ആന്റ് ചീഫ് എക്സിക്യൂട്ടീവായും താലൂക്ക് സപ്ലൈ ആഫീസറുടെ റാങ്കിൽ താഴെയല്ലാത്ത സിവിൽ സപ്ലൈസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ സീനിയർ സൂപ്രണ്ടായും പ്രവർത്തിക്കുന്നു. കൂടാതെ എൽ.ഡി |

| | | | |
|---|---|---|---|
| | | | ക്ലാർക്ക് തസ്തികയിൽ സിവിൽ സപ്ലൈസ് വകുപ്പിലെ 4 ക്ലാർക്കുമാരും, ഓഫീസ് അറ്റൻഡന്റ് ആയി സിവിൽ സപ്ലൈസ് വകുപ്പിലെ ഒരു ഓഫീസ് അറ്റൻഡന്റും ക്ഷേമനിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഡ്രൈവർ തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിലും നിലവിൽ വാഹനമില്ലാത്തതിനാൽ പ്രസ്തുത തസ്തികയിൽ ആരെയും നിയമിച്ചിട്ടില്ല. മേൽ തസ്തികകളിലെല്ലാം സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ അന്യത്ര സേവന വ്യവസ്ഥയിൽ പ്രവർത്തിച്ചു വരികയാണ്. |
| (സി) | ബോർഡിന്റെ ഭരണപരമായ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (സി) | റേഷൻ വ്യാപാരി ക്ഷേമനിധി പ്രവർത്തനങ്ങൾക്കായി വർഷം തോറും ബഡ്ജറ്റിൽ തുക വകയിരുത്തി നൽകാറില്ല. |
| (ഡി) | ക്ഷേമനിധി പെൻഷൻ നിലവിൽ എത്ര രൂപയാണെന്നും എത്ര പേർക്ക് നൽകിവരുന്നുണ്ടെന്നും വെളിപ്പെടുത്തുമോ; | (ഡി) | പ്രതിമാസം 1500/-രൂപ നിരക്കിൽ ത്രൈമാസമായി 4500/-രൂപ നിലവിൽ പെൻഷനായി അനുവദിച്ചുവരുന്നു. 1642 പേർ നിലവിൽ പെൻഷണർമാരായിട്ടുണ്ട്. (സെപ്റ്റംബറിൽ ത്രൈമാസ പെൻഷൻ അനുവദിച്ച പെൻഷണർമാരുടെ എണ്ണം) |
| (ഇ) | ക്ഷേമനിധി പെൻഷൻ വിതരണം മുടങ്ങുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഇ) | റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്നുള്ള ത്രൈമാസ പെൻഷന് മുടക്കം വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ